പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4828 — 24/07/2015 ൽ മറുപടിക്ക്

## ചേലക്കര മണ്ഡലത്തിലെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും

| ചോദ്യം<br>ശ്രീ. കെ.രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിൽ എത്ര സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉണ്ട്; പ്രസ്തുത കേന്ദ്രങ്ങളിലെ ഒ.പി. വിഭാഗം രോഗികളുടെ എണ്ണവും ഐ.പി. ഉള്ള ആശുപത്രികളിലെ ഐ.പി. വിഭാഗം രോഗികളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ചേലക്കര മണ്ഡലത്തിൽ രണ്ട് സി.എച്ച്.സി.കളും ഒൻപത് പി.എച്ച്.സി. കളും നിലവിലുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ ഒ.പി., ഐ.പി വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സ്ഥാപനം | ഒരു മാസത്തെ ശരാശരി ഒ.പി. | ഒരു മാസത്തെ ശരാശരി ഐ.പി. |
|---|---|---|---|
| 1 | സി.എച്ച്.സി. പഴയന്നൂർ | 7750 | 102 |
| 2 | സി.എച്ച്.സി. തിരുവില്വാമല | 9228 | 141 |
| 3 | പി.എച്ച്.സി. പാഞ്ഞാൾ | 2258 | |
| 4 | പി.എച്ച്.സി. മുള്ളൂർക്കര | 1278 | |
| 5 | പി.എച്ച്.സി. ദേശമംഗലം | 5096 | |
| 6 | പി.എച്ച്.സി. വള്ളത്തോൾനഗർ | 4307 | |
| 7 | പി.എച്ച്.സി. കുത്താമ്പുള്ളി | 881 | |
| 8 | പി.എച്ച്.സി. ഇളനാട് | 1029 | |
| 9 | പി.എച്ച്.സി. തോന്നൂർക്കര | 1450 | |
| 10 | പി.എച്ച്.സി. വരവൂർ | 4011 | |
| 11 | പി.എച്ച്.സി. കൊണ്ടാഴി | 2043 | |

| | | | |
|---|---|---|---|
| (ബി) | ഇവയിൽ ഓരോന്നിലും അനുവദിക്കപ്പെട്ട ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ എത്ര; അവയിൽ നിലവിൽ ജോലിചെയ്യുന്നവർ എത്രയുണ്ടെന്നും എത്ര ഒഴിവുകൾ വീതമുണ്ടെന്നും പറയാമോ; | (ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിൽ താലൂക്ക് ആശുപത്രി നിലവാരത്തിൽ ഉയർത്തിയ സാമൂഹികാരോഗ്യ കേന്ദ്രം ഏതാണ്; അതിൽ താലൂക്ക് ആശുപത്രിക്കാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വ്യക്തമാക്കുമോ; | (സി) | 20/08/2010 ലെ ജി.ഒ.(എം.എസ്.) നം. 557/10/എച്ച്.& എഫ്.ഡബ്ലിയു.ഡി. പ്രകാരം ചേലക്കര സി.എച്ച്.സിയെ താലൂക്കാശുപത്രിയായി ഉയർത്തി ഉത്തരവാകുകയും 26/02/2011 ലെ ജി.ഒ.(എം.എസ്.) നം. 129/2011/ എച്ച്.&എഫ്.ഡബ്ലിയു.ഡി. പ്രകാരം ടി ആശുപത്രിയിൽ മൊത്തം 8 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ചെയ്തു. (സ്റ്റാഫ് നേഴ്സ് 2, ലാബ് ടെക്നീഷ്യൻ 1, സിവിൽ സർജൻ 1, ജൂനിയർ കൺസൾട്ടന്റ്, ഗൈനക്കോളജി 2, പീഡിയാട്രിക്സ് 1, ഓർത്തോ 1) ഫാർമസിസ്റ്റ് സ്റ്റോർകീപ്പർ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിലെ അപാകത പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് മടക്കി നൽകിയിട്ടുണ്ട്. |
| (ഡി) | പാഞ്ഞാൾ, ദേശമംഗലം, വരവൂർ, കൊണ്ടാഴി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഐ.പി. വിഭാഗം സംവിധാനം സജ്ജമാക്കിയിട്ടും അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പാഞ്ഞാൾ, ദേശമംഗലം, വരവൂർ, കൊണ്ടാഴി എന്നീ 24 X 7 പി.എച്ച്.സി.കളിൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ തസ്തികകളും സൃഷ്ടിക്കുന്ന മുറയ്ക്ക് ഐ.പി. തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്